**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** **03-02-2026 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി ഹയർ സെക്കണ്ടറി- വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലയനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളും ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ലയിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഒരു മതിലിനുള്ളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ ഒന്നാവുന്നതോടെ രണ്ട് സ്കൂളുകളുടെയും നിലവിലുള്ള ഭൗതിക സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ഈ രണ്ടു വിദ്യാലയങ്ങളും ലയിപ്പിക്കുകയാണെങ്കിൽ എസ്.പി.സി., ജെ.ആർ.സി., ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ് എന്നിവ സംയോജിപ്പിച്ച് ശക്തമായ പാഠ്യേതര പ്ലാറ്റ്ഫോം സാധ്യമാകുമെന്നും ഇന്നൊവേഷൻ ലാബ്, ഫിറ്റ്നസ് സെന്റർ, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ ലഭ്യമാകുമെന്നും സംയോജിത ലൈബ്രറികളിലൂടെയും ലാബുകളിലൂടെയും മെച്ചപ്പെട്ട ഡിജിറ്റൽ പഠന അന്തരീക്ഷം ഉറപ്പാക്കാമെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ലയനം സാധ്യമാകുമ്പോഴുണ്ടാകുന്ന ജീവനക്കാരുടെ പുനർ വിന്യാസവും അടിസ്ഥാന സൗകര്യ വികസനവും താരതമ്യം ചെയ്യുമ്പോൾ സാമ്പത്തിക ലാഭം ഉണ്ടാകുമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>എന്നാൽ സ്കൂളുകളുടെ ലയനം മൂലം ഒരു സ്കൂൾ നഷ്ടമാകുന്നുവെന്ന സ്ഥിതി പരിശോധിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ ഒരു സ്കൂളും ലാഭ നഷ്ടങ്ങളുടെ കാര്യം പറഞ്ഞു അടച്ചുപൂട്ടരുതെന്നതാണ് സർക്കാർ നയം. എന്നിരുന്നാലും ഒരു പ്രദേശത്തെ കുട്ടികൾക്ക് നിലവിൽ ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട പഠന കായിക അന്തരീക്ഷം ഈ സ്കൂളുകളുടെ ലയനം മുഖേന ലഭിക്കുമെന്നുള്ള റിപ്പോർട്ടു പരിഗണിച്ചും നാട്ടുകാരുടെയും രക്ഷാകർത്താക്കളുടെയും ജനപ്രതിനിധികളുടെയും, പ്രത്യേകിച്ച് സ്ഥലം എം.എൽ.എ. യുടെയും ആവശ്യം പരിഗണിച്ചും ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ചർച്ച നടത്തി |

| | | | |
|---|---|---|---|
| | | | ഉടനടി തന്നെ ഇത് സംബന്ധിച്ച ഒരു തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ